(ബി ആന്റ് സി) സംസ്ഥാനത്തെ അനധികൃത വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിനും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നതിനും ചീഫ് സെക്രട്ടറി ചെയർമാനും വനം, റവന്യൂ, ആഭ്യന്തരം, നിയമം ഈ വകുപ്പുകളുടെ സെക്രട്ടറിമാരും പോലീസ് ഡയറക്ടർ ജനറൽ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), സർവേ ആന്റ് ലാന്റ് റെക്കോർഡ്സ് ഡയറക്ടർ എന്നിവർ അംഗങ്ങളും ആയി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അതാത് സർക്കിൾ തലത്തിൽ ഫോറസ്റ്റ് കൺസർവേറ്റർമാരുടെ നേതൃത്വത്തിലുള്ള കമ്മിറ്റികൾ കയ്യേറ്റഭൂമി വീണ്ടെടുക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുകയും തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. അപ്പപ്പോഴുള്ള കയ്യേറ്റങ്ങൾ തടയുന്നതിനായി തുടർച്ചയായി പട്രോളിംഗ് നടത്തുകയും ജാഗ്രതയോടെ നിരീക്ഷിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.

(ഡി ആന്റ് ഇ) സംസ്ഥാനത്തൊട്ടാകെ അനധികൃതമായി കയ്യേറിയ 11917.8952 ഹെക്ടറിൽ ഇതിനകം 4628.5575 ഹെക്ടർ വനഭൂമി ഒഴിപ്പിച്ച് വീണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കി 7289.3377 ഹെക്ടർ വനഭൂമി കയ്യേറ്റക്കാരുടെ കൈവശത്തിലാണ്. ഒഴിപ്പിച്ച് സർക്കാരിന്റെ അധീനതയിലാക്കിയ വനഭൂമിയുടെ വിവരം താഴെ ചേർക്കുന്നു:

വനമേഖല		*വിസ്തീർണ്ണം (ഹെക്ടറിൽ)*
കൊല്ലം	..	757.1365
കോട്ടയം	..	2698.8620
തൃശ്ശൂർ	..	207.6499
ഒലവക്കോട്	..	132.2713
കണ്ണൂർ	..	282.6378
വൈൽഡ് ലൈഫ് സർക്കിൾ	..	550.0000
ആകെ	..	4628.5575

(എഫ്) ഫലപ്രദമാണ്.

അനധികൃത ചന്ദന ഫാക്ടറികൾ

*23 [112] ശ്രീ. കെ. വി. കുഞ്ഞിരാമൻ:

,, വി. കെ. ചന്ദ്രൻ:

,, കെ. കെ. ജയചന്ദ്രൻ:

,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ചന്ദന ഫാക്ടറികളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ സംസ്ഥാനത്ത് എത്ര അനധികൃത ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) അനധികൃത ചന്ദന ഫാക്ടറികൾ അടച്ചുപൂട്ടുന്നതിനും അനധികൃത മായി ശേഖരിച്ച ചന്ദനത്തടികളും ചന്ദനപ്പൊടികളും മറ്റും കണ്ടുകെട്ടുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ചന്ദന ഫാക്ടറികൾ അടച്ചു പൂട്ടണമെന്ന കോടതിവിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചി ട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. വിശ്വനാഥൻ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 23 ചന്ദന ഫാക്ടറികൾ അനധികൃതമായി പ്രവർത്തി ക്കുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) അനധികൃതമായി നടത്തുന്ന ചന്ദന ഫാക്ടറികൾ അടച്ചുപൂട്ടാൻ നടപടി സ്വീകരിച്ചു വരുന്നു. അനധികൃതമായി സൂക്ഷിക്കുന്ന ചന്ദനത്തടികളും ചന്ദനപ്പൊടികളും റെയ്ഡുകളിലൂടെ കണ്ടെത്തി സർക്കാരിലേക്ക് കണ്ടുകെട്ടുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ 42 റെയ്ഡുകൾ ഇത് സംബന്ധമായി നടത്തിയിട്ടുണ്ട്. 19899 കി.ഗ്രാം ചന്ദനവും 2200 കി.ഗ്രാം ചന്ദന പ്പൊടിയും പിടിച്ചെടുത്തിട്ടുണ്ട്.

(ഡി) കോടതിവിധിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിൽ സംസ്ഥാനത്ത് 23 ചന്ദന ഫാക്ടറികൾ അനധികൃതമായി പ്രവർത്തിച്ചു വരുന്ന തായി കണ്ടെത്തിയിട്ടുണ്ട്. ഇവയ്ക്ക് പഞ്ചായത്തിന്റെയും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെയും അനുമതി ആവശ്യമാണ്. ആയതിനാൽ ഇക്കാര്യം പരിശോധിച്ച് അഭിപ്രായം അറിയിക്കുന്നതിന് പ്രസ്തുത വകുപ്പുകളോട് ആവശ്യപ്പെട്ട തനുസരിച്ച് അവരുടെ അഭിപ്രായം ലഭ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്.

പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് നടപടി

*24 [113] ശ്രീ. എൻ. രാജൻ:

,, കെ. പി. രാജേന്ദ്രൻ:

,, എം. കുമാരൻ:

,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly